ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മിനിമം വിദ്യാർത്ഥികളോ, സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 159 സ്കൂളുകളിലായി 329 ബാച്ചുകൾ അനുവദിച്ചു. മിനിമം വിദ്യാർത്ഥികളോ, സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഹയർസെക്കണ്ടറി സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അഞ്ചാം ക്ലാസ് ഉൾപ്പെട്ട എൽ.പി. സ്കൂളുകൾ

63 (1139) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും എയ്ഡഡ് എൽ.പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ് പ്രവൃത്തിച്ചു വരുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ; ഏത് തീയതി മുതൽ പ്രവൃത്തിച്ചു വരുന്നു ;

(ബി) പുതിയ ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് അഞ്ചാം ക്ലാസ് സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് വിരുദ്ധമായി അഞ്ചാം ക്ലാസ് പ്രവൃത്തിച്ചു വരുന്ന സ്കൂളുകൾക്ക് എതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രശ്നത്തിൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി പ്രസ്താവന എന്തായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 അദ്ധ്യയന വർഷത്തെ കണക്കു പ്രകാരം സംസ്ഥാനത്ത് അഞ്ചാം ക്ലാസ്സുവരെയുള്ള 503 എണ്ണം സ്കൂളുകൾ എയ്ഡഡ് മേഖലയിൽ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്കൂളുകൾ ഏത് തീയതി മുതൽ പ്രവർത്തിച്ചുവരുന്നു എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ.ടി.ഇ. ആക്ട് അനുസരിച്ച് സംസ്ഥാനത്ത് പുതിയതായി അഞ്ചാം ക്ലാസ്സ് അനുവദിച്ചിട്ടില്ല. സർക്കാർ അനുമതി ഇല്ലാതെ തുടങ്ങിയിട്ടുള്ള അഞ്ചാം ക്ലാസ് ഡിവിഷനുകൾ അംഗീകരിക്കരുതെന്ന് കാണിച്ച് 27-7-2015-ൽ പുറപ്പെടുവിച്ച സർക്കുലർ (നമ്പർ 27520/ജെ1/പൊ.വി.വ) എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)".

(സി) സർക്കാർ അനുമതി ഇല്ലാതെ അഞ്ചാം ക്ലാസ് തുടങ്ങിയ എയ്ഡഡ് സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു കൂട്ടം റിട്ട് അപ്പീലിന്മേലും ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധി പ്രസ്താവിച്ചിരുന്നു. മേൽ വിധി ന്യായത്തിൽ ആർ.ടി.ഇ. ആക്ട് പ്രകാരം സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ/ പുതിയ സ്കൂൾ തുടങ്ങുന്നതിനോ സർക്കാർ വിജ്ഞാപനം നടത്തി തുടർനടപടികൾ സ്വീകരിക്കാനും 31-12-2015-ന് മുമ്പായി നടപടികൾ പൂർത്തീകരിക്കുവാനും ഉത്തരവായിരുന്നു. അനുകൂലവിധി ലഭിച്ചില്ലായെന്ന് കാണിച്ച് പ്രസ്തുത സ്കൂൾ മാനേജർമാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ഇടക്കാലവിധിയിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി തൽസ്ഥിതി തുടരുവാൻ ഉത്തരവാകുകയും ചെയ്തു.

എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ പ്രവർത്തനം

64 (1140) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മാനേജ്മെന്റുകൾക്കുള്ള അധികാരം ഇല്ലാതാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ.കെ.അനീഷിന്റെ മരണത്തിനുത്തരവാദിയായ സ്കൂൾമാനേജരെ പോലീസ് അറസ്റ്റ് ചെയ്ത സാഹചര്യത്തിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly